നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 സെപ്റ്റംബർ വാല്യം 2
ഓൺലൈൻ വായനയ്ക്ക്
40

# ശുചിത്വവും മാലിന്യ സംസ്കരണവും പൊതു സംസ്കാരമാകണം : മുഖ്യമന്ത്രി പിണറായി വിജയൻ

## മാലിന്യമുക്ത നവകേരളത്തിനായ് ജനകീയ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു



സംസ്ഥാനം സമ്പൂർണ മാലിന്യമുക്തമാക്കാൻ ജനകീയ പങ്കാളിത്തമുള്ള ഇടപെടൽ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാർ സംഘടിപ്പിക്കുന്ന മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനം കൊട്ടാരക്കര എൽ.ഐ.സി. അങ്കണത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30 വരെ സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ വൻ ജനകീയ പങ്കാളിത്തത്തോടെ വിപുലമായ ശുചീകരണ മാലിന്യ സംസ്കരണ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. സർക്കാർ വകുപ്പുകൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, കുടുംബശ്രീ, കില, ക്ലീൻകേരള കമ്പനി തുടങ്ങിയവയും വിവിധ സർക്കാർ ഏജൻസികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിക്കും. ജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകും.

ചടങ്ങിൽ സമഗ്ര കൊട്ടാരക്കര പരിപാടി ഉദ്ഘാടനവും പുലമൺതോട് പുനരുജ്ജീവന പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിൽ പുതിയ ശീലങ്ങളും രീതികളും അവലംബിച്ചു കൊണ്ട് സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമാക്കുന്നതിന് സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ളവരുടെ സഹകരണം വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുസ്ഥലങ്ങൾ മലിനമാക്കുന്നതിന്റെ പ്രത്യാഘാതത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്കിടയിൽ ഇനിയും വർധിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ കൂടിവരുന്ന ജനസാന്ദ്രത മാലിന്യനിർമ്മാർജ്ജനത്തിലും വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. മാലിന്യം കുമിഞ്ഞു കൂടുന്നത് അതാത് പ്രദേശത്തെ വായുവും വെള്ളവും മലിനമാകാൻ ഇടയാക്കും. ശുദ്ധമായ ഭക്ഷണവും വായുവും വെള്ളവും കിട്ടാത്ത അവസ്ഥ ഇതിലൂടെയുണ്ടാകും. ഈ സാഹചര്യത്തിൽ പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപം ആരോഗ്യകരമായ ജീവിതത്തിന് തന്നെ വെല്ലുവിളിയാണ്.

ജലാശയങ്ങളിലെ മാലിന്യനിക്ഷേപം വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കും. ഈ വസ്തുത ഉൾക്കൊണ്ടു കൊണ്ട് പൊതുജനങ്ങളുടെയും വിവിധ സംഘടനകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ വിപുലമായ ശുചീകരണ പരിപാടികൾ നടപ്പാക്കുകയാണ്. ഗാന്ധി ജയന്തി ദിനത്തിൽ ആരംഭിച്ച് അടുത്ത വർഷം മാർച്ച് 30ന് അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനത്തിൽ അവസാനിക്കുന്ന ക്യാമ്പയിനാണ് ഇപ്പോൾ തുടക്കം കുറിച്ചത്. രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, കർഷക സംഘടനകൾ, വിദ്യാർഥി സംഘടനകൾ, തുടങ്ങി സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ളവരുടെ പിന്തുണ ഇക്കാര്യത്തിലുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ധനകാര്യ വകുപ്പു മന്ത്രി കെ.എൻ. ബാലഗോപാൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹരിത കർമസേനാംഗങ്ങൾക്ക് സുരക്ഷാകിറ്റ് നൽകുന്നതിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. ഹരിതകേരളം മിഷൻ ടൂറിസം വകുപ്പുമായി ചേർന്ന് തയ്യാറാക്കിയ ഹരിത ടൂറിസം കൈപ്പുസ്തക പ്രകാശനം ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ നിർവഹിച്ചു. കെ.എസ്. ഡബ്ല്യു.എം.പി. തയ്യാറാക്കിയ ശുചിത്വത്തിന്റെ കുഞ്ഞു ഹീറോസ് കോഫി ടേബിൾ ബുക്ക്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓറിയന്റേഷൻ കോഴ്സിനുവേണ്ടി ശുചിത്വമിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കരട് പഠന സാമഗ്രി എന്നിവയുടെ പ്രകാശനം മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർവഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖ്യപ്രഭാഷണം നടത്തി. കോവൂർ കുഞ്ഞുമോൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.പി.കെ.ഗോപൻ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു. നവകേരളം കർമപദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ.ടി.എൻ.സീമ റിപ്പോർട്ട് അവതരിപ്പിച്ചു. കൊട്ടാരക്കര നഗരസഭ ചെയർമാൻ എസ്.ആർ.രമേശ് സ്വാഗതവും നവകേരളം കർമപദ്ധതി കൊല്ലം ജില്ലാ കോർഡിനേറ്റർ എസ്. ഐസക് നന്ദിയും പറഞ്ഞു.

## എഡിറ്റോറിയൽ

### മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ



നിരവധി കേരള മാതൃകകൾ രാജ്യത്തു സൃഷ്ടിച്ചവരാണ് കേരളീയർ, അതിൽ മറ്റൊന്നു കൂടി കൂട്ടിച്ചേർക്കാനുള്ള തീവ്ര യജ്ഞത്തിലാണ് നാമിപ്പോൾ. ശുചിത്വവും മാലിന്യ സംസ്കരണവും മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ നാം ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനം എന്ന ലക്ഷ്യമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ളത്. ബോധവൽക്കരണം, ശീലവൽക്കരണം, അടിസ്ഥാന സൗകര്യമൊരുക്കൽ തുടങ്ങി വിവിധ ഘടകങ്ങൾ ഈ ലക്ഷ്യസാക്ഷാത്കാരത്തിനു പിന്നിലുണ്ട്. അതിൽ സുപ്രധാനമാണ് ജനകീയ പങ്കാളിത്തം. സമ്പൂർണ്ണ ജനകീയ പങ്കാളിത്തം, സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം തുടങ്ങി നാം കൈവരിച്ച നേട്ടങ്ങളിലെല്ലാം ജനകീയ പങ്കാളിത്തം സുപ്രധാന ചാലക ശക്തിയായിരുന്നുവല്ലോ. സംസ്ഥാനത്തു സർക്കാർ നടപ്പാക്കുന്ന ശുചിത്വവും മാലിന്യ സംസ്കരണവും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുകയാണ്. മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ മുന്നോട്ടുവയ്ക്കുന്ന ആശയവും ഇതുതന്നെയാണ്. സകല ജനവിഭാഗങ്ങളെയും അണിനിരത്തി, ചിട്ടയോടെയും സമയബന്ധിതമായും കൃത്യമായ ആസൂത്രണത്തോടെയും മാലിന്യമുക്ത നവകേരളമെന്ന ലക്ഷ്യം നേടിയെടുക്കാനാണ് ഈ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ശുചിത്വ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ, കില തുടങ്ങിയവയെല്ലാം ഈ യജ്ഞത്തിൽ ജനങ്ങളോടൊപ്പം ചേർന്നു പ്രവർത്തിക്കും. കർശന നിരീക്ഷണം, ബോധവൽക്കരണം, പ്രകൃതി സൗഹൃദ വസ്തുക്കൾ പ്രോത്സാഹിപ്പിക്കൽ, ഹരിത വിദ്യാലയങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, വൃത്തിയുള്ള പൊതു സ്ഥലങ്ങളും മാർക്കറ്റുകളും, മാലിന്യമുക്തമായ നീർച്ചാലുകൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ ഈ ജനകീയ ക്യാമ്പയിനിൽ ഉൾപ്പെടുന്നുണ്ട്. ശുചിത്വ കേരളം സുസ്ഥിര കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്താൻ മാലിന്യമുക്ത നവകേരളത്തിനായി കേരളീയർ ഒന്നാകെ അണി നിരന്നിരിക്കുകയാണ് ഈ ജനകീയ ക്യാമ്പയിനിലൂടെ.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃക : മുഖ്യമന്ത്രി പിണറായി വിജയൻ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും തുടർന്നുള്ള വിദ്യാകിരണം പദ്ധതിയിലൂടെയും കേരളത്തിന്റെ പൊതു വിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃകയായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ സ്കൂളുകളിൽ നിർമിച്ച പുതിയ ഹൈടെക് കെട്ടിട സമുച്ചയങ്ങളുടെയും സ്മാർട്ട് ക്ലാസുകളുടെയും ഉദ്ഘാടനം ശ്രീകാര്യം ജി.എച്ച്.എസിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നവകേരളം കർമപദ്ധതി II വിദ്യാകിരണം മിഷന്റെ ഭാഗമായി കിഫ്ബി, പ്ലാൻഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തിയാണ് പുതിയതായി 30 സ്കൂൾ കെട്ടിടങ്ങൾ നിർമിച്ചത്. 12 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടുകയും ചെയ്തു.



വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം സ്മാർട് ബോർഡിൽ ഒപ്പിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

8 വർഷം മുമ്പുള്ള അവസ്ഥയല്ല പൊതുവിദ്യാലയങ്ങൾക്ക് ഇന്നുള്ളത്. കേരളത്തിലാകെ 973 സ്കൂൾ കെട്ടിടങ്ങളാണ് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നത്. 2,500 കോടിയോളം രൂപയാണ് അതിനായി ചെലവഴിക്കുന്നത്. 508 കെട്ടിടങ്ങൾ ഇതുവരെ പൂർത്തിയായി. പൊതുവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതാണ്ട് 4,500 കോടിയോളം രൂപ കഴിഞ്ഞ എട്ട് വർഷംകൊണ്ട് ചെലവഴിച്ചിട്ടുണ്ട്. കേരളത്തിലെമ്പാടും ഉള്ള പൊതുവിദ്യാലയങ്ങളിൽ ഇതു വഴിയുണ്ടാകുന്ന മാറ്റങ്ങൾ ദൃശ്യമാണ്. 2022 ൽ കേന്ദ്ര സർക്കാർ പുറത്തുവിട്ട കണക്കുകൾ പ്രകാരം കേരളത്തിൽ 80 ശതമാനത്തോളം കുട്ടികൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ ഈ വമ്പിച്ച പങ്കാളിത്തം നമ്മുടെ വിദ്യാഭ്യാസ മാതൃകയുടെ ഉന്നത നിലവാരത്തിന്റെ ദൃഷ്ടാന്തമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. സ്വാഗതമാശംസിച്ചു. എ.എ. റഹീം എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ്., കൈറ്റ് സി.ഇ.ഒ. അൻവർ സാദത്ത്, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ജയപ്രകാശ് ആർ.കെ. എന്നിവർ സംബന്ധിച്ചു.

### കെട്ടിട നിർമാണം പൂർത്തിയാക്കിയ സ്കൂളുകൾ

പത്തനംതിട്ട അടൂർ ജി ജി എച്ച് എസ് എസ്, ആലപ്പുഴ ജി എച്ച് എസ് നാലുചിറ, തൃശ്ശൂർ മുപ്ലിയം ജി എച്ച് എസ് എസ്, മലപ്പുറം പെരിന്തൽമണ്ണ ജി ജി വി എച്ച് എസ് എസ്, വെട്ടത്തൂർ ജി എച്ച് എസ് എസ്, വയനാട് പനമരം ജി എച്ച് എസ് എസ്, കണ്ണൂർ മാട്ടൂൽ സി എച്ച് എം കെ എസ് ജി എച്ച് എസ് എസ്. ആലപ്പുഴ കുന്നം ജി എച്ച് എസ് എസ്, ഇടുക്കി കുമളി ജി ടി യു പി എസ്, കോട്ടയം ജി എച്ച് എസ് എസ്, ഈരാറ്റുപേട്ട ജിവി എച്ച് എസ് എസ്, എറണാകുളം ചോറ്റാനിക്കര ജിവി എച്ച് എസ് എസ്, തൃപ്പൂണിത്തുറ ജിവി എച്ച് എസ് എസ് ഫോർ ബോയ്സ്, തൃശ്ശൂർ വാടാനപ്പള്ളി ജി എച്ച് എസ് എസ്, പാലക്കാട് മണ്ണാർക്കാട് ജിഎം യു പി എസ്, മലപ്പുറം കരിങ്കപ്പാറ ജി യു പി എസ്, കോഴിക്കോട് പറയഞ്ചേരി എസ്.കെ. പൊറ്റക്കാട് മെമ്മോറിയൽ ജി വി എച്ച് എച്ച് എസ് എസ്, വയനാട് മാനന്തവാടി ജി യു പി എസ്, കാസർഗോഡ് മടിക്കൈ ജി എച്ച് എസ് എസ്, ആലംപാടി ജി എച്ച് എസ് എസ്. തിരുവനന്തപുരം ശ്രീകാര്യം ജി എച്ച് എസ്, മുള്ളറംകോട് ജി എൽ പി എസ്, ആലപ്പുഴ നെടുമ്പ്രക്കാട് ജി യു പി എസ്, പയ്യനല്ലൂർ ജി എൽ പി എസ്, ഇടുക്കി ബൈസൺ വാലി ജി എച്ച് എസ് എസ്, തൃശ്ശൂർ കുട്ടഞ്ചേരി ജി എൽ പി എസ്, ചാവക്കാട് ജി എച്ച് എസ് എസ്, മലപ്പുറം വളരാട് ജി എൽ പി എസ്, പാണ്ടിക്കാട് ജി എം എൽ പി എസ്, വയനാട് മേപ്പാടി ജി എച്ച് എസ് എസ്.

## തെളിനീരും ശുദ്ധവായുവും നിർലോഭം ലഭിക്കുന്ന നാടാകണം: മന്ത്രി കെ.എൻ. ബാലഗോപാൽ

എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ അഭിപ്രായം പറയാനും സമാധാനപരമായി ജീവിക്കാനാകുന്നതിനുമൊപ്പം തെളിനീരും ശുദ്ധവായുവും നിർലോഭം ലഭിക്കുന്ന നാടായും കേരളം മാറണമെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ. മാലിന്യമുക്ത നവകേരളത്തിനുള്ള ജനകീയ ക്യാമ്പയിന്റെ സംസ്ഥാന ഉദ്ഘാടന വേദിയിൽ അധ്യക്ഷനായിരുന്നു മന്ത്രി. പലതരത്തിലുള്ള കുപ്രചാരണങ്ങൾ നടക്കുമ്പോഴും നിതി ആയോഗിന്റെ ഉൾപ്പടെയുള്ള വികസന സൂചികയിൽ വിവിധ മേഖലകളിലെ ഒന്നാം സ്ഥാനത്ത് കേരളമാണുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ-ശുചിത്വമേഖലകൾ അതിൽ




ഉദാഹരണമാണ്. ക്രമസമാധാന പരിപാലനത്തിലും സംസ്ഥാനം മുന്നിലാണ്. ഏറ്റവും ഒടുവിൽ വ്യവസായ മേഖലയ്ക്ക് ഈസ് ഓഫ് ഡൂയിങ് ബിസിനസ് അവാർഡും ലഭിച്ചു. സംസ്ഥാനതല ഉദ്ഘാടനത്തിനായി കൊട്ടാരക്കര തെരഞ്ഞെടുത്തത് ജനകീയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ഹരിത നഗരമായി കൊട്ടാരക്കരയെ മാറ്റാനാണ് ശ്രമം. ജനങ്ങളെ അണിനിരത്തി സംഘടിപ്പിക്കുന്ന സമഗ്ര കൊട്ടാരക്കര പദ്ധതിയിൽ ശുചിത്വം തന്നെയാണ് പ്രധാനലക്ഷ്യം. മാലിന്യ മുക്തമാക്കാനുള്ള പ്രവർത്തനങ്ങളോടൊപ്പം പ്രധാനപ്പെട്ടതാണ് ജല സമ്പത്ത് സംരക്ഷിക്കൽ. അരുവികളും തോടുകളും ഇതിന്റെ ഭാഗമായി ശുചീകരിക്കുകയും കിണർ റീചാർജിങ് ഉൾപ്പെടെ സംഘടിപ്പിക്കുകയും ചെയ്യും. നാടിന്റെ വികസനത്തിന് കൂട്ടായ പ്രവർത്തനമാണ് ആവശ്യം മന്ത്രി പറഞ്ഞു.

## ബസ് സ്റ്റേഷനുകൾ ശുചിത്വ മാതൃകയാക്കും മന്ത്രി കെ.ബി. ഗണേഷ് കുമാർ

ദിവസേന പത്തുലക്ഷത്തിലധികം ആൾക്കാർ വന്നുപോകുന്ന കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനും പരിസരവും 2025 മാർച്ച് 30നു മുമ്പ് ശുചീകരിക്കുമെന്ന് മന്ത്രി കെ.ബി. ഗണേശ് കുമാർ. മാലിന്യമുക്ത നവകേരളത്തിനുള്ള ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടന വേദിയിൽ സംസാരിക്കുകയായിരുന്നു



മന്ത്രി. ശുചിത്വ ബോധവൽക്കരണം സ്കൂൾ വിദ്യാർഥികളിൽനിന്ന് ആരംഭിക്കണം. പൗരനെന്ന നിലയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ അവർ തിരിച്ചറിയണം. സ്കൂൾ ക്ലാസ്റൂമുകൾ അതിനുള്ളയിടമാക്കി ശുചിത്വ അവബോധം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനാകും. പുലമൺതോട് നവീകരണം നാടിന്റെയാകെ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

## മാലിന്യമുക്ത നവകേരളത്തിന് ജനങ്ങളുടെ ശക്തി: മന്ത്രി എം.ബി. രാജേഷ്

മാലിന്യമുക്ത നവകേരളത്തിനായുള്ള അടുത്ത അഞ്ചുമാസത്തെ പ്രവർത്തനത്തിൽ ജനങ്ങളുടെ ശക്തിയാണ് വിനിയോഗിക്കുകയെന്ന് മന്ത്രി എം ബി രാജേഷ്. മാലിന്യമുക്ത നവകേരളത്തിനുള്ള ജനകീയ ക്യാമ്പയിന്റെ സംസ്ഥാന ഉദ്ഘാടന വേദിയിൽ ഹരിതകർമ സേനാംഗങ്ങൾക്കുള്ള സുരക്ഷാ കിറ്റ് നൽകലും എംസിഎഫി ലേക്കുള്ള കൺവെയർ ബെൽറ്റ്, സോർട്ടിങ് ടേബിൾ, ഡി ഡസ്റ്റർ എന്നിവയുടെ വിതരണോദ്ഘാടനവും നടത്തുകയായിരുന്നു മന്ത്രി. ഗാന്ധിജയന്തിദിനം മുതൽ അന്താരാഷ്ട്ര ശൂന്യമാലിന്യ ദിനമായ മാർച്ച് 30വരെയുള്ള കാലയളവിൽ ജനകീയ ശുചിത്വപരിപാലനം സംസ്ഥാനത്ത് നടപ്പാക്കും. പതിനായിരത്തിലധികം ടൺ മാലിന്യമാണ്



ഒരു വർഷം കേരളത്തിലുണ്ടാകുന്നത്. അതിൽ 7300 ടൺ ജൈവ മാലിന്യവും നാലായിരത്തിനു മുകളിൽ അജൈവ മാലിന്യവുമാണ്. 5500 ടൺ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തുണ്ട്. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം മുഴുവനായും സംസ്കരിക്കാനുള്ള ഉപാധികൾ, അതിനുള്ള പശ്ചാത്തല സൗകര്യം എന്നിവ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യക്തികളെന്ന നിലയിൽ വൃത്തിയുള്ളവരും ജനത എന്ന നിലയിൽ വൃത്തിഹീനരുമായതാണ് നാം നേരിടുന്ന പ്രശ്നം. ജനങ്ങളിൽ ശുചിത്വ മനോഭാവം സൃഷ്ടിക്കപ്പെടണമെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

## ജനകീയ മുന്നേറ്റത്തിലൂടെ മാലിന്യമുക്ത കേരളം സാധ്യമാക്കാം : മന്ത്രി ജെ. ചിഞ്ചുറാണി

സംസ്ഥാനത്തെ പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിൽ 70 ശതമാനവും ജൈവമാലിന്യമാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ ഉദ്ഘാടന വേദിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഓരോ




ദിവസവും മലയാളിയുടെ അടുക്കളയിൽ ശരാശരി ഒന്നേകാൽ കിലോ മാലിന്യം ഉൽപ്പാദിക്കപ്പെടുന്നു. കോർപറേഷൻ പരിധിയിൽ പ്രതിദിനം 683 ടണ്ണും പഞ്ചായത്തുകളിൽ 6 ടണ്ണും മാലിന്യമുണ്ടാകുന്നു. ഓരോ വർഷവും ഇവ 1.4 ശതമാനം വർധിക്കുന്നു. ഖരമാലിന്യങ്ങളും ബയോമെഡിക്കൽ മാലിന്യങ്ങളും പ്രകൃതിയെ ദോഷകരമായി ബാധിക്കുന്നു. ഭക്ഷണ അവശിഷ്ടങ്ങൾ അടുക്കളകൃഷിക്ക് ഉപയോഗിക്കലായിരുന്നു പഴയരീതി. സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം ജനകീയ മുന്നേറ്റത്തിലൂടെ സാധ്യമാക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

# ജനകീയ ക്യാമ്പയിന് മികച്ച തുടക്കം

## ജില്ലാതല ഉദ്ഘാടനം മന്ത്രിമാരും ജനപ്രതിനിധികളും നിർവഹിച്ചു

**മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിന് സംസ്ഥാനമൊട്ടാകെ മികച്ച തുടക്കം. കൊട്ടാരക്കരയിൽ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചതിനെ തുടർന്ന് ജില്ലാ തലങ്ങളിലും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനതലങ്ങളിലും മന്ത്രിമാരും ജനപ്രതിനിധികളും ക്യാമ്പയിന് തുടക്കം കുറിച്ചു. വിവിധ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത്-വാർഡു തലങ്ങളിലായി മാലിന്യ സംസ്കരണ മേഖലയിൽ 1601 പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടന്നു. പൂർത്തീകരിച്ച 545 അടിസ്ഥാന സൗകര്യങ്ങളുടെ ഉദ്ഘാടനം, സൗന്ദര്യവൽക്കരണം പൂർത്തിയാക്കിയ 203 പ്രദേശങ്ങളുടെയും 232 പ്രദേശങ്ങളിലെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം, 36 കേന്ദ്രങ്ങളിൽ ഹരിത ടൂറിസം പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, 150 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഹരിത ഓഫീസ് പ്രഖ്യാപനം, 160 തദ്ദേശസ്ഥാപനങ്ങളിൽ എല്ലാ വിദ്യാലയങ്ങളും ഹരിതവിദ്യാലയങ്ങളായതിന്റെ പ്രഖ്യാപനം എന്നിവയും ഇതൊടൊപ്പം നടന്നു. ഇതിനു പുറമെ 8678 വാർഡുകളിൽ വിവിധ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്ത് തുടക്കമായി.**

**കൊല്ലം :** മാലിന്യമുക്തം നവകേരളം കൊല്ലം ജില്ലാതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് കൊല്ലം കോർപ്പറേഷനിൽ അഷ്ടമുടി കായലിലെ 30 കടവുകളുടെ നവീകരണവും ക്യാമറ സ്ഥാപിക്കലും ബ്യൂട്ടിഫിക്കേഷ



നും ഉദ്ഘാടനം ചെയ്തുകൊണ്ട് നിർവഹിച്ചു. കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി മേയർ കൊല്ലം മധു സ്വാഗതം ആശംസിച്ചു.

**പത്തനംതിട്ട :** മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പത്തനംതിട്ട ജില്ലാതല ഉദ്ഘാടനം ചെന്നീർക്കര എസ്.എൻ.ഡി.പി ഹയർ സെക്കൻഡറി സ്കൂളിൽ ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി ചെന്നീർക്കര സർക്കാർ ഐടിഐയിൽ സ്ഥാപിച്ച ഗോബർധൻ ബയോഗ്യാസ് പ്ലാൻറിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.നാഷണൽ സർവീസ് സ്കീം, ബാൻഡ്, ഹരിത കർമ സേന, വിദ്യാർഥികൾ, അധ്യാപകർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ അണിനിരന്ന ശുചിത്വ സന്ദേശ റാലി ചെന്നീർക്കര ഐടിഐയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാജി പി. രാജപ്പൻ അധ്യക്ഷയായി. ജില്ലാ കലക്ടർ എസ്. പ്രേം



കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ,തദ്ദേശ സ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകർമ സേനാംഗങ്ങൾ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

**ആലപ്പുഴ :** ആലപ്പുഴ ജില്ലാതല ക്യാമ്പയിന്റെ ഉദ്ഘാടനം ജനറൽ ആശുപത്രിയിലെ ദ്രവമാലിന്യ പ്ളാന്റിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു. ആലപ്പുഴ എം.എൽ.എ പി.പി ചിത്തരഞ്ചൻ സംസ്കരണ പ്ലാന്റിന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. നഗരസഭ ചെയർപേഴ്സൺ കെ.കെ



ജയമ്മ സ്വാഗതം പറഞ്ഞ ചടങ്ങിൽ ജില്ലാ കളക്ടർ അലക്സ് വർഗീസ് ഐ.എ.എസ് ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ കെ. എസ്. രാജേഷ് മാലിന്യമുക്ത നവകേരളം ജില്ലാ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**കോട്ടയം :** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ കോട്ടയം ജില്ലാതല ഉദ്ഘാടനം കുമരകം വള്ളാറപള്ളി ഓഡിറ്റോറിയത്തിൽ സഹകരണം തുറമുഖം ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമാണെന്നും ചെറുപ്രായം മുതൽ കുട്ടികളിലൂടെ ആ സംസ്കാരം വളർത്തിയെടുക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ഇതോടൊപ്പം കുമരകം ഗ്രാമപഞ്ചായത്തിന്റെ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റിന്റെയും ഉദ്ഘാടനം നിർവഹിച്ചു. മാലിന്യ നിർമാർജനത്തിൽ ഒന്നാമത് എത്തുന്ന പഞ്ചായത്തിന് 10,0000 രൂപയും



വാർഡിന് 50,000 രൂപയും എംഎൽഎ ഫണ്ടിൽ നിന്ന് സമ്മാനമായി നൽകും. ജനകീയ ക്യാമ്പയിൻ പൂർത്തിയാകുന്ന 2025 മാർച്ചിൽ വിധി നിർണയം നടത്തി ഏപ്രിലിൽ തന്നെ പുരസ്കാരം വിതരണം ചെയ്യുമെന്ന് മന്ത്രി അറിയിച്ചു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി ബിന്ദു അധ്യക്ഷയായി. കെ.ഫ്രാൻസിസ് ജോർജ് എം.പി വിശിഷ്ടാതിഥിയായി. കളക്ടർ ജോൺ.വി സാമുവൽ മുഖ്യപ്രഭാഷണം നടത്തി.

**ഇടുക്കി :** ഇടുക്കി മെഡിക്കൽ കോളേജിൽ നടന്ന ചടങ്ങിൽ ക്യാമ്പയിന്റെ ഇടുക്കി ജില്ലാതല ഉദ്ഘാടനം ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതിനെതിരെ ജനകീയ പ്രതിരോധം സംഘടിപ്പിക്കണമെന്ന് മന്ത്രി പറഞ്ഞു. ജില്ലാ കളക്ടർ വി.വിഘ്നേശ്വരി അധ്യക്ഷയായിരുന്നു. നവകേരളം കർമപദ്ധതി ഇടുക്കി ജില്ലാ കോർഡിനേറ്റർ അജയ് പി. കൃഷ്ണ പങ്കെടുത്തു. പരിപാടിയോടനുബന്ധിച്ച് മെഡിക്കൽ കോളെജിൽ നടത്തിയ മെഗാ ക്ലീനിം



ഗിൽ വിവിധ കലാലയങ്ങളിൽ നിന്നും എത്തിയ എൻ.എസ്. എസ്. യൂണിറ്റുകളിലെ വിദ്യാർത്ഥികൾ, വിവിധ സംഘടന പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, ഹരിത കർമസേന, രാഷ്ട്രീയ സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ അടക്കം 600 ഓളം പേർ പങ്കാളികളായി.

**എറണാകുളം :** ശുചിത്വ പരിപാലനത്തിൽ കേരളം നമ്പർ വൺ ആക്കുകയാണ് ലക്ഷ്യമെന്ന് എറണാകുളം ജില്ലാ തല ഉദ്ഘാടനം ഏലൂർ മുനിസിപ്പൽ ടൗൺഹാളിൽ നിർവഹിച്ചു




കൊണ്ട് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കളക്ടർ എൻ.എസ്. കെ. എസ്. കെ. ഉമേഷ് ജനകീയ ക്യാമ്പയിന്റെ ആറുമാസത്തെ കർമപദ്ധതി ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ എ.ഡി. സുജിത് അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി എറണാകുളം ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., രാഷ്ട്രീയ-വർഗ്ഗ ബഹുജന സംഘടനാ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ ക്യാമ്പയിന്റെ ഭാഗമാകും.

**തൃശ്ശൂർ :** തൃശൂർ ജില്ലാ തല ഉദ്ഘാടനം റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു. കഴിഞ്ഞ ഒരു വർഷക്കാലമായി ജില്ലയിൽ നടത്തിവരുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷൻ ഹരിത പദവി നല്കിയ 469 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കുകയും പീച്ചി ഡാം, അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച് എന്നീ രണ്ട് ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു കൊണ്ടും



ആയിരുന്നു ഉദ്ഘാടനം നിർവഹിച്ചത്. MLA മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ചുകൊണ്ടു 54 ഹയർ സെക്കൻഡറി സ്കൂളുകളിലായി സ്ഥാപിച്ചിട്ടുള്ള ജല ഗുണനിലവാര പരിശോധന ലാബുകളിലേക്കുള്ള രണ്ടാംഘട്ട കിറ്റുകളുടെ വിതരണം വിദ്യാകിരണം കോർഡിനേറ്റർക്ക് കൈമാറിക്കൊണ്ട് നിർവഹിച്ചു. പുതുക്കാട് നിയോജകമണ്ഡലം എംഎൽഎ കെ കെ രാമചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, തൃശ്ശൂർ ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ഐഎഎസ്, സബ് കലക്ടർ അഖിൽ വി.മേനോൻ, നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ ദിദിക സി, മറ്റു വകുപ്പ്തല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**മലപ്പുറം :** മലപ്പുറം ജില്ലയിലെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ മലപ്പുറം ജില്ലാതല ഉദ്ഘാടനം കായികവകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു. ഏറനാട്




എംഎൽഎ പി.കെ ബഷീർ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് കലക്ടർ ആര്യ വി.എം ഐ.എ.എസ് മുഖ്യാതിഥിയായി. നവകേരളം കർമപദ്ധതി മലപ്പുറം ജില്ലാ കോർഡിനേറ്റർ ജിതിൻ ടി.വി. എസ്. പങ്കെടുത്തു. ഗ്രാമപഞ്ചായത്തിലെ 9 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആക്കിയതിന്റെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും മുഖ്യാതിഥി ആര്യ വി എം IAS നിർവഹിച്ചുകൊണ്ട് വിവിധ മാലിന്യ സംസ്കരണ പ്രശ്നങ്ങളെയും അവ ജനകീയമായി നേരിടേണ്ട രീതിയെയും പറ്റി വിശദമായി സംസാരിച്ചു.

**കണ്ണൂർ :** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ 93 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ പദ്ധതികൾക്ക് തുടക്കമായി. ഒക്ടോബർ രണ്ടിന് കണിച്ചാർ പഞ്ചായത്തിലെ 29-ാം മൈലിൽ,




പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ശുചിത്വ വേലിയും കണിച്ചാർ ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച ശുചിത്വ പാർക്കും ഉദ്ഘാടനം ചെയ്തുകൊണ്ട് ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ നിർവഹിച്ചു. ചടങ്ങിൽ ജില്ലാ കളക്ടർ അരുൺ കെ. വിജയൻ മുഖ്യാതിഥിയായി. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സുധാകരൻ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പങ്കെടുത്തു.



കണ്ണൂർ പെരളശ്ശേരി പഞ്ചായത്തിലെ പിലാഞ്ഞിയിൽ നിർമ്മിച്ച എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) കെട്ടിടം രജിസ്ട്രേഷൻ-പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.



കണ്ണൂർ കതിരൂർ ഗ്രാമപഞ്ചായത്തിൽ - കതിരൂർ ടൗൺ സൗന്ദര്യവൽക്കരണം ഉദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു

**കാസർഗോഡ് :** മാലിന്യമുക്തം ജനകീയ കാമ്പയിൻ കാസർഗോഡ് ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി ക്ലീൻ സിവിൽ സ്റ്റേഷൻ ഗ്രീൻ സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി ബേബി ബാലകൃഷ്ണൻ, ജില്ലാ കളക്ടർ കെ ഇമ്പശേഖർ ഐ.എ.എസ്. എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. സിവിൽ സ്റ്റേഷനിലെ 400ലധികം ഉദ്യോഗസ്ഥർ രണ്ട് ദിവസങ്ങളിലായാണ് ശുചീകരണം നടത്തിയത്. മാലിന്യമുക്തം ജനകീയ കാമ്പയിൻ കാസർഗോഡ് ജില്ലാതല ഉദ്ഘാടനങ്ങളുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 64 ഹയർസെക്കണ്ടറി സ്കൂൾ ഹരിതവിദ്യാലയമാകുന്നതിന്റെ പ്രഖ്യാപനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി



ബാലകൃഷ്ണൻ ഗവ. ഹയർസെക്കൻഡറി സ്കൂൾ ചന്ദ്രഗിരിയിൽ നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ പങ്കെടുത്തു.

**വയനാട് :** മാലിന്യമുക്തം നവ കേരളം ജനകീയ ക്യാമ്പയിന് വയനാട് ജില്ലയിൽ വിപുലമായ തുടക്കം. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ദേശീയ പാതയോരം സൗന്ദര്യവൽക്കരണം മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ കൃഷ്ണഗിരിയിൽ എം.എൽ.എ. ഐ.സി. ബാലകൃഷ്ണൻ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ



അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ ഐ.എ.എസ് മുഖ്യാതിഥിയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു പങ്കെടുത്തു. 23 ഗ്രാമ പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികളുടെ ഉദ്ഘാടനം നടന്നു. 3800 ആളുകൾ വിവിധ ഇടങ്ങളിൽ പങ്കാളികളായി.

**കോഴിക്കോട് :** മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ കോഴിക്കോട് ജില്ലാ തല ഉദ്ഘാടനം കൊയിലാണ്ടിയിൽ നടന്നു. നഗരസഭയിലാകെ സ്ഥാപിച്ച 26



ശുചിത്വ നിരീക്ഷണ ക്യാമറകളുടെ ഉദ്ഘാടനം എം.എൽ.എ. കാനത്തിൽ ജമീല നിർവഹിച്ചു. നഗരസഭ ചെയർപേഴ്സൺ സുധ കിഴക്കെപ്പാട്ട് അധ്യക്ഷത വഹിച്ചു. നവകേരളം കർമപ



കോഴിക്കോട് മരുതോങ്കര പഞ്ചായത്തിൽ ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് വാഹനം റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ ഫ്ലാഗ് ഓഫ് ചെയ്തു.

ദ്ധതി ജില്ലാ കോർഡിനേറ്റർ പ്രസാദ് ടി. പങ്കെടുത്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ ജനവിഭാഗങ്ങളിൽ നിന്നായി ഇരുന്നൂറോളം പേർ പങ്കെടുത്ത ശുചിത്വ സന്ദേശ യാത്രയും നടന്നു.

**പാലക്കാട് :** മാലിന്യ മുക്തം നവകേരളം - ജനകീയ ക്യാമ്പയിൻ പാലക്കാട് ജില്ലാ തല ഉദ്ഘാടനം നെന്മാറ ബ്ലോക്കിലെ വണ്ടാഴി പഞ്ചായത്തിലെ മംഗലംഡാം സൈറ്റ് പാർക്കിനെ



ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു കൊണ്ട് ആലത്തൂർ എം.എൽ.എ. കെ.ഡി.പ്രസന്നൻ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി പങ്കെടുത്തു. ജനപ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, ഹരിത കർമസേനാംഗങ്ങൾ, ആശ വർക്കർമാർ, വിവിധ വകുപ്പ് പ്രതിനിധികൾ, ബഹുജനങ്ങൾ തുടങ്ങി 389 പേർ പങ്കെടുത്തു.

**തിരുവനന്തപുരം :** മാലിന്യ മുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം കിളിമാനൂർ ടൗണിലെ പഴയ കുന്നുമ്മേൽ പഞ്ചായത്ത് ബസ് സ്റ്റാന്റിൽ നടന്നു. ഒ എസ് അംബിക എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി. മുരളി അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ






തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വട്ടപ്പാറയിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു. പൊതു ശുചീകരണ യജ്ഞം, ബയോബിൻ വിതരണം, എംസി റോഡിന്റെ ഭാഗമായ മരുതൂർ മുതൽ വട്ടപ്പാറ വരെയുള്ള സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ, മിനി MCF ഉദ്ഘാടനം, ഹരിത കർമസേന അംഗങ്ങളെ ആദരിക്കൽ എന്നിവയായിരുന്നു പ്രവർത്തനങ്ങൾ

അശോക് സി. പങ്കെടുത്തു. കിളിമാനൂർ ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിലെ ടൗൺ സൗന്ദര്യവത്കരണം, ഗ്രീൻ ഇവന്റ് എന്നിവ നടത്തും. ബ്ലോക്കിൽ 101 പച്ചതുരുത്തുകൾ ഇതിനകം സ്ഥാപിച്ചു. ചടങ്ങിന്റെ ഭാഗമായി കിളിമാനൂർ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്. എസ്. വോളന്റിയേഴ്സ് അവതരിപ്പിച്ച പ്ലോഗിംഗ് റൺ ഒ.എസ്. അംബിക എം.എൽ.എ. ഫ്ലാഗ് ഓഫ് ചെയ്തു. കിളിമാനൂർ ടൗൺ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ഗ്രീൻ വെർമസ് സ്പോൺസർ ചെയ്ത ചെടികൾ കൈമാറി.

## ജനകീയ ക്യാമ്പയിനിൽ വിദ്യാർഥികളും പങ്കാളികളാകും: വി ശിവൻകുട്ടി



മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ വിദ്യാർഥികളും പങ്കാളികളാകുമെന്ന് മന്ത്രി വി. ശിവൻകുട്ടി. മാലിന്യമുക്ത കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള തിരുവനന്തപുരം ജില്ലാ നിർവഹണ സമിതി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യ നിർമാർജനവും മാലിന്യ സംസ്കരണവും പാഠ്യപദ്ധതിയുടെ ഭാഗമാണ്. എല്ലാ ക്ലാസുകളിലെയും കുട്ടികളെ ഇക്കാര്യം പഠിപ്പിക്കുന്നുണ്ട്. നൂതനമായ മാലിന്യ സംസ്കരണ രീതികൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ, പ്രാദേശിക ഇടപെടൽ എന്നിവയിൽ സംസ്ഥാനം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുദ്ധവും ആരോഗ്യകരവുമായ കേരളം ഭാവി തലമുറയ്ക്ക് നൽകേണ്ടത് നമ്മുടെ കടമയാണെന്നും മന്ത്രി വി ശിവൻകുട്ടി ഓർമിപ്പിച്ചു. ജില്ലാപഞ്ചായത്ത് ഓഫീസ് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ അധ്യക്ഷനായി.

## കാസർഗോഡ് ജില്ലാ ജലബജറ്റ് പ്രകാശനം ചെയ്തു



കാസർകോട് ജില്ലാ പഞ്ചായത്ത് ജല ബജറ്റ് ജില്ലാ ആസൂത്രണ സമിതിഹാളിൽ രാജ്മോഹൻ ഉണ്ണിത്താൻ എം. പി പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.ജില്ലാകളക്ടർ-കെ. ഇമ്പശേഖർ മുഖ്യാതിഥിയായി. വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ, സ്ഥിരം സമിതി അദ്ധ്യക്ഷ അഡ്വ. എസ്. എൻ. സരിത എന്നിവർ സംസാരിച്ചു. നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ കെ.ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗീത കൃഷ്ണൻ സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.കെ. സജീവ് നന്ദിയും പറഞ്ഞു.

## പൊന്നാനി ബ്ലോക്കിലെ ജലബജറ്റ് പ്രകാശനം ചെയ്തു

മലപ്പുറം പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ ജല ബജറ്റ് തവനൂർ MLA ഡോ. കെ.ടി ജലീൽ പ്രകാശനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന എടപ്പാൾ, കാലടി, തവനൂർ,



വട്ടംകുളം പഞ്ചായത്തുകളിലെ ജല ബജറ്റിന്റെ പ്രകാശനവും ഇതൊന്നിച്ച് നടന്നു. കടൽ, കോൾ, പുഴ, കനാൽ എന്നിവയാൽ ചുറ്റപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ വർഷം തോറും വേനൽക്കാലത്ത് കടുത്ത ജലക്ഷാമവും വരൾച്ചയും നേരിടുകയാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.

## കയ്യൂർ - ചീമേനി നെറ്റ് സീറോ കാർബൺ പഞ്ചായത്താകും

ഹരിതകേരളം മിഷൻ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി കയ്യൂർ - ചീമേനി ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചു. കാസർഗോഡ് ജില്ലയിൽ നിലവിൽ 11 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വിപുലമായ സംഘാടക സമിതി രൂപീകരണത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ശാന്ത നിർവ്വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.ജി അജിത് കുമാർ അധ്യക്ഷത വഹിച്ചു.

## 7 വർഷത്തിൽ 5.17 ലക്ഷം കുടുംബങ്ങൾക്ക് തണലൊരുക്കി ലൈഫ്

ലൈഫ് ഭവന പദ്ധതിയിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ 5.17 ലക്ഷം കുടുംബങ്ങൾക്ക് വീട് അനുവദിച്ചതായി മന്ത്രി എം.ബി രാജേഷ്. നിയമസഭ ചോദ്യോത്തരവേളയിൽ മറുപടി പറയുകയായിരുന്നു അദ്ദേഹം. 4.16 ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയായി. 1.005 ലക്ഷം വീടുകളുടെ നിർമ്മാണം മാർച്ചിൽ പൂർത്തിയാകും. മുൻ കാലങ്ങളിൽ വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളിൽ ഉൾപ്പെട്ടെങ്കിലും പൂർത്തീകരിക്കാതെ പോയ 54,116 വീടുകളിൽ 52,680 എണ്ണം ഇതിനോടകം പൂർത്തിയാക്കി. 2021 മെയ് മുതൽ 2024 സെപ്റ്റംബർ 30 വരെ ലൈഫിൽ 2.29 ലക്ഷം വീടുകൾ അനുവദിച്ചു. 1.5 ലക്ഷം വീടുകൾ പൂർത്തീകരിച്ചു. 74,868 വീടുകൾ നിർമ്മാണ ഘട്ടത്തിലാണെന്ന് മന്ത്രി പറഞ്ഞു.

## പുരുഷോത്തമന് ഹാപ്പി ലൈഫ്

കണ്ണൂർ ജില്ലയിലെ കോട്ടയം മലബാർ പഞ്ചായത്തിലെ കെ.കെ. പുരുഷോത്തമൻ ഇക്കുറി പുതിയവീട്ടിൽ ഓണം ആഘോഷിച്ചു. ഒപ്പം സ്വന്തമായി വീടെന്ന സ്വപ്നം യാഥാർഥ്യമായതിന്റെ ആനന്ദവും. 'അതിദാരിദ്ര്യ മുക്ത കേരളം' ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്ത് വാർഷിക പദ്ധതിയിൽപ്പെടുത്തി നിർമിച്ച ലൈഫ് വീടിന്റെ താക്കോൽ പ്രസിഡന്റ് സി രാജീവൻ കൈമാറി. കടവരാന്തകളിലും



പാർടി ഓഫീസുകളിലും കിടന്നുറങ്ങിയ പുരുഷോത്തമനിത് ഓണസമ്മാനവുമായി. വീട് നിർമാണം നാട്ടുകാർ ചേർന്ന കമ്മിറ്റി ഏറ്റെടുക്കുകയായിരുന്നു. വാർഡംഗം കൂടിയായ പഞ്ചായത്ത് പ്രസിഡന്റ് മേൽനോട്ടം വഹിച്ചു. വീട്ടുസാധനങ്ങൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തി. ചടങ്ങിൽ പി ജിഷ, എ സുഗന്ധ, പി എ ബിപിൻ ചാന്ദ്, കെ സിന, കെ ശ്രീലത, ടി വിജേഷ് എന്നിവർ സംസാരിച്ചു.

## മാലിന്യമുക്തം നവകേരളം : പരാതികൾ അറിയിക്കാം

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യങ്ങൾ വലിച്ചെറിയുക, കത്തിക്കുക, മലിനജലം ഒഴുക്കി വിടുക തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ അറിയിക്കാൻ പൊതുജനങ്ങൾക്കായി കേന്ദ്രീകൃത വാട്സ് ആപ്പ് സംവിധാനം യാഥാർഥ്യമായി. **9466 700 800** എന്ന വാട്ട്സാപ്പ് നമ്പറിലൂടെ മലിനീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ട പരാതികൾ ഇനി പൊതുജനങ്ങൾക്ക് അറിയിക്കാനാവും. വാട്ട്സാപ്പ് നമ്പറിന്റെ പ്രഖ്യാപനം കൊല്ലം കോർപറേഷനിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു. പൊതുസ്ഥലങ്ങളിലെ മാലിന്യക്കൂനകൾ സംബന്ധിച്ച പരാതികളും ഇനി ഈ നമ്പറിലൂടെ പൊതുജനങ്ങൾക്ക് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടാം. തദ്ദേശ സ്വയം ഭരണ വകുപ്പിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക പിന്തുണയോടെ ശുചിത്വ മിഷൻ ആണ് പദ്ധതി ആവിഷ്കരിച്ചത്. വാട്സാപ്പിൽ ലഭിക്കുന്ന പരാതികൾ അവയുടെ ലൊക്കേഷൻ മനസ്സിലാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തുടർ നടപടികൾക്കായി കൈമാറുന്നതിനുള്ള സാങ്കേതിക സംവിധാനമാണിത്. നിർദ്ദിഷ്ട വാട്സാപ്പ് നമ്പറിൽ മലിനീകരണം നടത്തുന്ന ആളിന്റെ പേര്, വാഹന നമ്പർ അറിയുമെങ്കിൽ അവയും ഒപ്പം ഫോട്ടോകളും സഹിതം പരാതി അറിയിക്കാം. തുടർന്ന് ലൊക്കേഷൻ വിശദാംശങ്ങളും ലഭ്യമാക്കണം. മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് നിയമലംഘനത്തിന്മേൽ ഈടാക്കിയ പിഴയുടെ 25 % തുക (പരമാവധി 2500 രൂപ) പാരിതോഷികം നൽകും.

## മജ്ജ മാറ്റിവെക്കൽ ചികിത്സയിൽ കേരളത്തിന് മുന്നേറ്റം : മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യ വകുപ്പ് അനുമതി നൽകി ഉത്തരവിട്ടതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തലശേരി മലബാർ കാൻസർ സെന്റർ, കെഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിൽ വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. ഇത് പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. മജ്ജ മാറ്റിവെക്കൽ ചികിത്സ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.



നവകേരളം കർമപദ്ധതി ആർദ്രം രണ്ടിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കാൻസർ പ്രതിരോധവും ചികിത്സയും. അതിന്റെ ഭാഗമായാണ് കാൻസർ രജിസ്ട്രിയും ബോൺമാരോ രജിസ്ട്രിയും തയ്യാറാക്കുന്നത്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വേൾഡ് മാരോ ഡോണർ അസോസിയേഷൻ മാനദണ്ഡ പ്രകാരമായിരിക്കും ദാതാക്കളേയും സ്വീകർത്താക്കളേയും തെരഞ്ഞെടുക്കുക.

## ശൈലി 2 ആരോഗ്യപരിശോധന : രണ്ടാം ഘട്ടത്തിൽ സ്ക്രീൻ ചെയ്തത് 25 ലക്ഷത്തിലധികം പേരെ

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടത്തിൽ 25 ലക്ഷത്തിലധികം പേരുടെ സ്ക്രീനിംഗ് നടത്തിയതായി മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗ സാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു. തുടർന്നാണ് ടിബി, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി ശൈലി 2 ആവിഷ്ക്കരിച്ചതെന്നും മന്ത്രി വ്യക്തമാക്കി. ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ആകെ 25,43,306 പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ 49.04 ശതമാനം പേർക്ക് (12,47,262) ഏതെങ്കിലുമൊരു ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു. നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളെയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്ര



വർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്.

## ഹരിതകർമ സേനാംഗങ്ങൾ ബദൽ ഉത്പാദനരംഗത്തും മുന്നിട്ടിറങ്ങണം; ഡോ. ടി.എൻ. സീമ

ഹരിതകർമ സേനാംഗങ്ങളുടെ പ്രതിമാസ വേതനം 15,000 എങ്കിലും ആവേണ്ടതുണ്ടെന്ന് ഹരിത കേരളം മിഷൻ ഉപാധ്യക്ഷ ഡോ: ടി.എൻ. സീമ പറഞ്ഞു. കേരള വനിതാ കമ്മീഷൻ തൈക്കാട്




ഗവ. ഗസ്റ്റ് ഹൗസിൽ നടത്തിയ ഹരിത കർമസേനയിലെ സ്ത്രീ തൊഴിലാളികൾക്കായുള്ള പബ്ലിക് ഹിയറിംഗിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു ഡോ.ടി.എൻ.സീമ. നിലവിൽ പകുതി പേർക്കും 10,000 ത്തിന് താഴെയാണ് മാസം ലഭിക്കുന്ന പ്രതിഫലം. ഈ അവസ്ഥ മാറുന്നതിന് ബദൽ ഉത്പാദനരംഗത്തും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളിലും ഹരിത കർമസേന അംഗങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഹരിത കർമസേനയെ ഒരു ഹരിത സാങ്കേതിക വിദ്യാകേന്ദ്രമാക്കി മാറ്റണമെന്നതാണ് തുടക്കം മുതൽ തന്നെ ഹരിതകേരളം മിഷന്റെ ലക്ഷ്യമെന്നും ഡോ: ടി.എൻ. സീമ പറഞ്ഞു. പബ്ലിക് ഹിയറിംഗ് വനിതാ കമ്മീഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി ഉദ്ഘാടനം നിർവഹിച്ചു. വനിത കമ്മീഷൻ അംഗം അഡ്വ. ഇന്ദിരാ രവീന്ദ്രൻ അധ്യക്ഷയായിരുന്നു.

## തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ

തെങ്ങിന് തടം മണ്ണിന് ജലം ജനകീയ ക്യാമ്പയിൻ വയനാട് ജില്ലാതല ഉദ്ഘാടനം പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ പാക്കത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവ്വഹിച്ചു. പാക്കം, ദാസനക്കര ഭാഗങ്ങളിലായി 100 വീടുകളിലെ തെങ്ങുകൾക്കാണ് ജനകീയമായി തടമെടുത്തത്. ആദ്യ ഘട്ടത്തിൽ ഒരു ബ്ലോക്കിലെ ചുരുങ്ങിയത് ഒരു വാർഡാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ജലക്ഷാമവും വരൾച്ചയും കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്കാണ് ആദ്യഘട്ടത്തിൽ മുൻഗണന.

തുലാവർഷത്തിലും വേനൽ മഴയിലും ലഭിക്കുന്ന വെള്ളം സംരക്ഷിക്കുന്ന രീതിയിലാണ് ക്യാമ്പയിൻ. തടമെടുക്കുന്നതിനോടൊപ്പം പുതയിടുകയും ചെയ്യുന്നുണ്ട്. കർഷകർ, സന്നദ്ധ



സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ എസ് എസ് വിദ്യാർഥികൾ, പ്രദേശവാസികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങി 200-ഓളം പേർ ക്യാമ്പയിനിൽ പങ്കാളികളായി.

## ഇടുക്കിയിൽ 3 ബ്ലോക്ക പഞ്ചായത്തുകളിൽ ജല ബജറ്റ്

ഇടുക്കി ജില്ലയിലെ 3 ബ്ലോക്ക് പഞ്ചായത്തുകളിൽ ജലബജറ്റ് തയ്യാറാക്കി. വെള്ളത്തിന്റെ സമൃദ്ധിക്ക് നടുവിലും ഈ പഞ്ചായത്തുകളിലെല്ലാം ജലം കമ്മിയാണെന്നാണ് ബജറ്റുകൾ വിരൽചൂണ്ടുന്നത്. മഴയുടെ ലഭ്യത കണക്കാക്കിയാൽ എല്ലായിടത്തും ജലം മിച്ചമാണ്. എന്നാൽ ജലം ഉപയോഗത്തിന് ആവശ്യത്തിനില്ലാത്ത സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി ഈ വൈരുധ്യത്തെ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഹരിതകേരളം ജലബജറ്റിലൂടെ നടത്തുന്നതെന്ന് ജില്ലാ കോർഡിനേറ്റർ ഡോ. അജയ് പി.കൃഷ്ണ പറഞ്ഞു. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഈ വർഷം തന്നെ ജലബജറ്റ് തയ്യാറാക്കാനാണ് തീരുമാനം. ജലലഭ്യതയിൽ സെമി ക്രിട്ടിക്കൽ വിഭാഗത്തിൽപ്പെടുന്ന നെടുങ്കണ്ടം, തൊടുപുഴ ബ്ലോക്കിലെ, ഇളംദേശം, ദേവികുളം, അഴുത എന്നീ ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലും ജലബജറ്റ് പുരോഗമിക്കുകയാണ്.

# തെങ്ങിന് തടം മണ്ണിന് ജലം : കാസർഗോഡ് ജില്ലാതല ഉദ്ഘാടനം



തെങ്ങിന് തടം മണ്ണിന് ജലം കാസർഗോഡ് ജില്ലാതല ഉദ്ഘാടനം നടന്നു. ബേഡഡുക്ക ഗ്രാമഞ്ചായത്തിലെ കാഞ്ഞിരത്തിങ്കാലിലെ ബേഡകം തെങ്ങുകളുടെ വിത്തു ശേഖരണ തോട്ടത്തിൽ വെച്ചാണ് ജില്ല പഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ തെങ്ങിന് തടം മണ്ണിന് ജലം ജനകീയ കാമ്പയിൻ ഉദ്ഘാടനം ചെയ്തത്. വളരെ ഉയരം കൂടിയതും ജലസേചനം വളരെ കുറവ് ആവശ്യമായ ഇക്കോ ടൈപ്പുകൾ ബേഡകം തെങ്ങുകൾ. ഭൂഗർഭ ജല ചൂഷണം അതിതീവ്രമായ കാസറഗോഡ് ജില്ലയിൽ തെങ്ങിന് തടം തീർത്തുകൊണ്ടുള്ള ഈ ജലസംരക്ഷണ ജനകീയ പരിപാടി ഏറെ പ്രാധാന്യമർഹിക്കുന്നു. ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ നേതത്വത്തിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. അവക്കൊപ്പം തെങ്ങിന് തടം തീർത്തുകൊണ്ടുള്ള ഈ ജനകീയ ജലസംരക്ഷണ പരിപാടി വരാൻ പോകുന്ന തുലവർഷ മഴയെ മണ്ണിൽ സംരക്ഷിച്ചു വെക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മുന്നേറുകയാണ്. ബേഡഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.ധന്യ അധ്യക്ഷത വഹിച്ച പരിപാടിയിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ.ബാലകൃഷ്ണൻ ക്യാമ്പയിൻ വിശദീകരണം നടത്തി.

# മ്മളെ വടേരക്കായ് ഞങ്ങളും കൂടി - ആവേശമായി കുട്ടികളുടെ പഠന ക്യാമ്പ്

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ സഹകരണത്തോടെ കോഴിക്കോട് വടകര നഗരസഭ "മ്മളെ വടേരക്കായ് ഞങ്ങളും കൂടി" കുട്ടികൾക്കായുള്ള പഠന ക്യാമ്പ് സംഘടിപ്പിച്ചു. വടകര നഗരസഭ ടൗൺ ഹാളിൽ സെപ്റ്റംബർ 18, 19 തീയതികളിലായി നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ മനോജ് കുമാർ നിർവഹിച്ചു. നഗരസഭാ ചെയർപേഴ്സൺ കെ.പി ബിന്ദു അധ്യക്ഷയായി. നഗരസഭയിലെ 44 സ്കൂളുകളെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികളും ഒരു സ്കൂളിൽ നിന്ന് ചുമതലയുള്ള ഓരോ അധ്യാപകരുമാണ് ക്യാമ്പിൽ പങ്കെടുത്തത്. 41 അധ്യാപകരും 115 വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. എല്ലാ സ്കൂളുകളിലും ക്വിസ് മത്സരം നടത്തിയാണ് കുട്ടികളെ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തത്. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ്, കെ.എസ്.ഇ.ബി അസിസ്റ്റന്റ് എൻജിനീയർ ദിപിൻ ദാസ്, അധ്യാപകനും പടവ് ചിൽഡ്രൻസ് തിയേറ്റർ പ്രവർത്തകനുമായ അനുരാഗ് എടച്ചേരി, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സമാരായ ഷംന. പി, ഷിബിൻ കെ, ഹരിതകേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റ് വിവേക് വിനോദ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. ഗ്രീൻ ടെക്നോളജി സെന്റർ, മിനി ഗോവ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. പങ്കെടുത്ത മുഴുവൻ കുട്ടികളെയും വടകര നഗരസഭയുടെ നെറ്റ് സീറോ കാർബൺ സ്റ്റുഡൻസ് അംബാസിഡർ പദവി നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. കൂടാതെ രണ്ടു ദിവസങ്ങളിലായി നടന്ന പഠനാനുഭവം ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾ തയ്യാറാക്കിയ രചനകൾ ഉൾപ്പെടുത്തിയ മാഗസിൻ പ്രകാശനവും ചടങ്ങിൽ നടത്തി.



# ചുനക്കരയിൽ ജല ബജറ്റ് പ്രകാശനം



ആലപ്പുഴ ചുനക്കര ഗ്രാമപഞ്ചായത്ത് ജല ബജറ്റ് പ്രകാശനം ചെയ്തു. ജല ബജറ്റ് അവതരണ ഉദ്ഘാടനം ചുനക്കര പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അനിൽകുമാർ നിർവഹിച്ചു. ജല ബജറ്റ് ഹരിത കേരളം ജില്ലാ കോർഡിനേറ്റർ കെ. എസ് രാജേഷ് അവതരിപ്പിച്ചു. ജല ബജറ്റിന്റെ പ്രാധാന്യവും ബജറ്റ് പ്രകാരം മറ്റ് ആവശ്യങ്ങൾക്ക് ശേഷം ജലം അധികമായി ലഭ്യമാകുന്നുണ്ടെന്നും അത് ഭാവിയിലേക്ക് എങ്ങനെ സംഭരിച്ച് വയ്ക്കാം എന്നതിനെപ്പറ്റിയും ചർച്ച ചെയ്തു.ഇത് കൂടാതെ ജല ബഡ്ജറ്റ് അടിസ്ഥാനമാക്കി വരും വർഷത്തെ ജല സംരക്ഷണത്തിന് പദ്ധതികൾ ആവിഷ്കരിക്കാനും തീരുമാനമായി. പഞ്ചായത്ത് സെക്രട്ടറി, AS, AE,മറ്റു ജനപ്രതിനിധികൾ, NREGS ബ്ലോക്ക് AE, പഞ്ചായത്ത് NREGS ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# തുറയൂർ ഗ്രാമ പഞ്ചായത്തിൽ ജല ബജറ്റ്



കോഴിക്കോട് തുറയൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ ഗിരീഷ് ജല ബജറ്റ് പ്രകാശനം ചെയ്തു സംസാരിച്ചു. ഹരിത കേരളംമിഷൻ ജില്ലാ കോർഡിനേറ്റർ പി. ടി പ്രസാദ് മുഖ്യാതിഥിയായി. വാർഡ് മെമ്പർമാരായ അബ്ദുൾ റസാഖ് കുറ്റിയിൽ, എ കെ കുട്ടികൃഷ്ണൻ, ബിഎംസി കൺവീനർ രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ മാവുള്ളാട്ടിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൃഷ്ണകുമാർ കെ സ്വാഗതവും ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ എം.പി നിരഞ്ജന നന്ദിയും പറഞ്ഞു.

# മൂവാറ്റുപുഴ നിർമ്മല കോളേജിന് ഗ്രീൻ ക്യാമ്പസ് പദവി

എറണാകുളം മൂവാറ്റുപുഴ നിർമ്മല കോളേജിനെ ഹരിതകേരളം മിഷൻ ഗ്രീൻ ക്യാമ്പസ് ആയി പ്രഖ്യാപിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ഗ്രീൻ ക്യാമ്പസ് പരിശോധനയിൽ കോളേജിന് എല്ലാ വിഭാഗത്തിലും എ



പ്ലസ് ഗ്രേഡ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണിത്. ജല സംരക്ഷണം, മാലിന്യ പരിപാലനം, കൃഷി, ജൈവവൈവിധ്യം, ഊർജ്ജ സംരക്ഷണം എന്നീ വിഭാഗങ്ങളിലാണ് പരിശോധന നടത്തിയത്. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് ഐ.എ.എസ് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ് കോളേജ് മാനേജ്മെന്റിനു കൈമാറി. നിർമ്മല കോളേജ് മാനേജർ ഡോ. പയസ് മലേകണ്ടത്തിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.ഫ്രാൻസിസ് കണ്ണാടൻ, കോളേജ് ബ്രൂസർ ഫാ. പോൾ കളത്തൂർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# എറണാകുളം ഉപഭോക്തൃ കോടതി: പച്ചത്തുരുത്തും ഹരിത ഓഫീസും



എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനിൽ, കൊച്ചി നഗരസഭയുടെയും , ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ പച്ചത്തുരുത്ത് നിർമിക്കുന്നതിന്റെയും ഹരിത ഓഫീസ് നടപ്പാക്കുന്നതിന്റെയും ഉത്ഘാടനം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ്.കെ സുരേന്ദ്രമോഹൻ വൃക്ഷതൈ നട്ടു കൊണ്ട് നിർവഹിച്ചു. മാവ്, പ്ലാവ്, മാങ്കോസ്റ്റിൻ , ചാമ്പ, പേര എന്നീ തൈകൾ നട്ടുകൊണ്ടാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി.ബിനു,മെമ്പർമാരായ വി. രാമചന്ദ്രൻ, ടി.എൻ. ശ്രീവിദ്യ, നഗരസഭ വികസന കാര്യം സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ് തുടങ്ങിയവർ പങ്കെടുത്തു.

# സമ്പൂർണ ജലബജറ്റ് ജില്ലയായി വയനാട്

26 ഗ്രാമപഞ്ചായത്തുകളിലും 4 ബ്ലോക്കുകളിലും ജലബജറ്റ് പൂർത്തീകരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തീകരിച്ച ജില്ലയായി മാറി വയനാട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും കണക്കാക്കി ജലം മിച്ചമാണോ കമ്മിയാണോ എന്ന് കണ്ടെത്തുന്ന ഒരു പ്രക്രിയയാണ് ജലബജറ്റ്. ജലബജറ്റിലെ കണക്കുകൾ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലം മിച്ചമാണ്.

ഹരിതകേരളം മിഷന്റെ റിസോഴ്സ്പേഴ്സൺമാരും തദ്ദേശ സ്ഥാപനതല വൊളണ്ടിയർമാരും, വിവിധ വകുപ്പുകളിൽ നിന്നും മറ്റ് ഫീൽഡ് പ്രവർത്തനങ്ങളിലൂടെയും ഓരോ തദ്ദേശ സ്ഥാപനത്തിലെയും ജല ലഭ്യതയും ജല വിനിയോഗവും സംബന്ധിച്ച വിവര ശേഖരണവും നടത്തിയാണ് ജലബജറ്റ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലത്തിന്റെ ലഭ്യത കൂടുതലായതിനാൽ ഇവയുടെ സംഭരണം, വിനിയോഗം എന്നിവയ്ക്കായി ഓരോ തദ്ദേശ സ്ഥാപന തലത്തിലും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും. മുഴുവൻ പൊതു ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിച്ച് സംരക്ഷണ സംവിധാനങ്ങൾ ഒരുക്കി ജല സംഭരണം ഉറപ്പാക്കും. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടേയും മറ്റ് നിർവഹണ വകുപ്പുകളുടെയും സഹകരണം പരമാവധി പ്രയോജനപ്പെടുത്തും. സുൽത്താൻ ബത്തേരി ബ്ലോക്കിൽ ജലബജറ്റിന്റെ ഭാഗമായി പ്രത്യേക ജലനയം രൂപീകരിക്കാൻ ബ്ലോക്ക് തീരുമാനിച്ചിട്ടുണ്ട്.

# ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം



ഹരിതകേരളം മിഷൻ, കൃഷിവകുപ്പിന്റെ സഹകരണത്തോടെ എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്കിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡ് 6 ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. വാർഡ് മെമ്പർ എസ്. എം അലിയാറിന്റെ അധ്യക്ഷതയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ ചാത്തൻചിറ ഭാഗത്ത് കൃഷിഭൂമിയിൽ പച്ചക്കറി കൃഷിയുടെ നടീൽ ഉത്സവം നടത്തിയാണ് പഞ്ചായത്ത് പ്രസിഡന്റ് ജെസ്സി സാജു ഹരിത സമൃദ്ധി വാർഡിന്റെ പ്രഖ്യാപനം നടത്തിയത്. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ സൂര്യ വി.എസ് പദ്ധതി വിശദീകരണം നടത്തി. കൃഷി ഓഫീസർ ഷൈലാ സി.എം, കൃഷി അസിസ്റ്റന്റ് ബേസിൽ.വി ജോൺ തുടങ്ങിയവർ സംസാരിച്ചു.

# ക്ലീൻ കൂടോത്തുമ്മൽ



ക്ലീൻ കൂടോത്തുമ്മൽ ക്യാമ്പയിനിന്റെ ഭാഗമായി വയനാട് ജില്ലയിലെ കൂടോത്തുമ്മൽ ടൗണും പരിസരവും വൃത്തിയാക്കി.ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്, ദർശന ലൈബ്രറിയുമായി സഹകരിച്ചു നടത്തി വരുന്ന ക്യാമ്പയിൻ ആണ് ക്ലീൻ കൂടോത്തുമ്മൽ. കൃത്യമായ ഇടവേളകളിൽ ടൗണും പരിസരവും ജനകീയമായി വൃത്തിയാക്കുന്നു. കടകൾക്ക് മുന്നിൽ അജൈവ മാലിന്യങ്ങൾക്കായി ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. വാർഡ് മെമ്പർ സുജേഷ് കുമാർ, പി. ബിജു,എം. ദേവകുമാർ, ശിവൻ പിള്ള മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. ക്ലീൻ ഡ്രൈവിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ചു. എല്ലാ ഞായറാഴ്ചയും രാവിലെ ക്ലീൻ കൂടോത്തുമ്മൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയപങ്കാളിത്തത്തോടെ നടത്തും.

# മല്ലപ്പുഴശ്ശേരി ഇനി ഹരിത സമൃദ്ധിഗ്രാമം



പത്തനംതിട്ട മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിനെ ഹരിത സമൃദ്ധി ഗ്രാമം ആയി ഹരിതകേരളം മിഷൻ പ്രഖ്യാപിച്ചു. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ജിജു ജോസഫ് ഹരിത സമൃദ്ധി ഗ്രാമം പ്രഖ്യാപനം നടത്തി. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക മേഖലയിൽ ഇടപെടലുകൾ നടത്തിയും, വീടുകളിൽ പച്ചക്കറി തൈകൾ വിതരണം ചെയ്തുമാണ് മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിതസമൃദ്ധി ഗ്രാമമായി മാറിയത്. തരിശു രഹിത പഞ്ചായത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 108 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്തു വരുന്നുണ്ട്. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി.അനിൽ കുമാർ ഹരിത സമൃദ്ധി ഗ്രാമം സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ജിജു ജോസഫിന് കൈമാറി.

## ജനകീയ ക്യാമ്പയിൻ : വിദ്യാർത്ഥികൾക്കായി ഹരിതസഭ

പത്തനംതിട്ട ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിനെ സമ്പൂർണ്ണ ശുചിത്വ വാർഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഗവൺമെന്റ് ഐ.റ്റി.ഐ യിൽ ഹരിതസഭ സംഘടിപ്പിച്ചു. ഹരിത സഭയുടെ ഉദ്ഘാടനം ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി.അനിൽ കുമാർ നിർവഹിച്ചു. വിദ്യാർത്ഥികൾക്ക് മാലിന്യ പരിപാലന ശീലത്തെ ക്കുറിച്ചും, വിദ്യാർത്ഥികൾ ഏറ്റെടുക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ വിശദീകരിച്ചു. കുട്ടികളുടെ നേതൃത്വത്തിൽ പേപ്പർ കവർ നിർമ്മാണം ആരംഭിക്കും. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി പന്ത്രണ്ടാം വാർഡിനെ ഫിലമെന്റ് രഹിത വാർഡ് ആക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡിലെ കുടുംബശ്രീ പ്രവർത്തകർക്ക് ഐറ്റിഐ യുടെ നേതൃത്വത്തിൽ പരിശീലനം നൽകും.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246